Reg. No. : ...............................

Name : ...................................

**SY 636**

# SECOND YEAR HIGHER SECONDARY MODEL EXAMINATION, FEBRUARY 2025

## Part – III

## POLITICAL SCIENCE

**Maximum : 80 Scores**

Time : 2½ Hours

Cool-off Time : 15 Minutes

***General Instructions to Candidates :***

- *There is a 'Cool off time' of 15 minutes in addition to the writing time.*
- *Use 'cool off time' to get familiar with questions and to plan your answers.*
- *Read questions carefully before answering.*
- *Read instructions carefully.*
- *Malayalam version of the questions is also provided.*
- *Calculations, figures and graphs should be shown in the answer sheet itself.*

**വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :**

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും.
- 'കൂൾ ഓഫ് ടൈം' ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവം വായിക്കുക.
- ചോദ്യങ്ങൾ മലയാളത്തിലും നൽകിയിട്ടുണ്ട്.
- കണക്ക് കൂട്ടലുകൾ, ചിത്രങ്ങൾ, ഗ്രാഫുകൾ, എന്നിവ ഉത്തരപേപ്പറിൽ തന്നെ ഉണ്ടായിരിക്കണം.

Score

**1 മുതൽ 10 വരെയുള്ള ചോദ്യങ്ങളിൽ 16 സ്കോറിന് ഉത്തരമെഴുതുക.** (16)

1. സാർവ്വത്രിക പ്രായപൂർത്തി വോട്ടവകാശത്തിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പു നടന്ന ഇന്ത്യയിലെ ആദ്യ പ്രദേശം ____________

   a) മണിപ്പൂർ

   b) ഹൈദരാബാദ്

   c) ജുനഗഡ്

   d) കാശ്മീർ (1)

2. ഏത് രാജ്യത്തു നിന്നുമാണ് ഇന്ത്യ പഞ്ചവത്സര പദ്ധതി എന്ന ആശയം സ്വീകരിച്ചത് ? (1)

3. പരിസ്ഥിതി പ്രശ്നങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്ന 'ലിമിറ്റ്സ് ടു ഗ്രോത്ത്' എന്ന പുസ്തകം പ്രസിദ്ധീകരിച്ചത് ____________ ആണ്.

   a) ക്ലബ് ഓഫ് ഇംഗ്ലണ്ട്

   b) ക്ലബ് ഓഫ് റോം

   c) റിയോ ഉച്ചകോടി

   d) UNFCCC (1)

4. താഴെ കൊടുത്തിരിക്കുന്നവയിൽ നിന്നും ബീഹാർ പ്രസ്ഥാനത്തിന്റെ നേതൃത്വം ഏറ്റെടുക്കാൻ ജയപ്രകാശ് നാരായൺ മുന്നോട്ടുവച്ച നിബന്ധന കണ്ടെത്തുക.

   a) അധികാരത്തിലുള്ള സർക്കാരിനെ പുറത്താക്കാൻ പ്രക്ഷോഭത്തിന് ഏത് മാർഗ്ഗവും സ്വീകരിക്കാം.

   b) അവശ്യ സാധനങ്ങളുടെ വില കുറയുന്നത് വരെ സമരം തുടരും

   c) പ്രക്ഷോഭം അക്രമരഹിതമായി തുടരും, ബീഹാറിൽ മാത്രമായി ഒതുങ്ങി നിൽക്കില്ല

   d) ബീഹാറിലെ കോൺഗ്രസ് സർക്കാരിനെ പുറത്താക്കുന്നതോടെ പ്രക്ഷോഭം അവസാനിക്കും (1)

Score

5. ഉത്തരാഖണ്ഡിലെ വനസംരക്ഷണത്തിനുവേണ്ടി നിലകൊണ്ട പരിസ്ഥിതി പ്രസ്ഥാനം ഏതെന്ന് കണ്ടെത്തുക ? (1)

6. പടിഞ്ഞാറൻ പാകിസ്ഥാന്റെ ആധിപത്യത്തിനെതിരായി കിഴക്കൻ പാകിസ്ഥാനിൽ ജനകീയ പ്രക്ഷോഭത്തിനു നേതൃത്വം കൊടുത്ത നേതാവ്, അദ്ദേഹത്തിന്റെ പാർട്ടി എന്നിവ കണ്ടെത്തുക. (2)

7. ഐക്യരാഷ്ട്രസഭയുടെ പ്രധാന ഘടകങ്ങളുമായി ബന്ധപ്പെട്ട ചില പ്രസ്താവനകൾ ചുവടെ കൊടുക്കുന്നു. അവയെ ശരിയായി പട്ടികപ്പെടുത്തുക. (3)

- ഇതിൽ 5 സ്ഥിരാംഗങ്ങളും 10 അസ്ഥിരാംഗങ്ങളും ഉണ്ട്.
- സമ്മേളനത്തിൽ എല്ലാ അംഗരാജ്യങ്ങളുടേയും പ്രതിനിധികൾ പങ്കെടുക്കുന്നു.
- സെക്രട്ടറി ജനറലാണ് തലവൻ.

| | |
|---|---|
| i. സെക്രട്ടേറിയറ്റ് | • |
| ii. രക്ഷാസമിതി | • |
| iii. പൊതുസഭ | • |

8. ചുവടെ നൽകിയിരിക്കുന്നവയുടെ പൂർണ്ണരൂപം എഴുതുക.
   i) NPT
   ii) NIEO
   iii) START (3)

9. A കോളത്തിനനുസരിച്ച് B യും C യും ചേരുംപടി ചേർക്കുക. (3)

| A | B | C |
|---|---|---|
| i. റാം മനോഹർ ലോഹ്യ | ഗരീബി ഹഠാവോ | ഹരിയാന |
| ii. ആയാ റാം, ഗയാ റാം | സോഷ്യലിസ്റ്റ് | പത്തിന പദ്ധതി |
| iii. ഇന്ദിരാഗാന്ധി | കൂറുമാറ്റം | നോൺ കോൺഗ്രസിസം |

Score

**10.** A കോളത്തിനനുസരിച്ച് B യും C യും ചേരുംപടി ചേർക്കുക. **(4)**

| A | B | C |
|---|---|---|
| i. ഓപ്പറേഷൻ ഡസർട്ട് സ്റ്റോം | 2003 | സുഡാനിലെയും അഫ്ഗാനിസ്ഥാനിലെയും അൽഖ്വയ്ദക്കെതിരായ ക്രൂയിസ് മിസൈൽ ആക്രമണം |
| ii. ഓപ്പറേഷൻ ഇൻഫിനിറ്റ് റീച്ച് | വീഡിയോ ഗെയിം വാർ | ഇറാഖിലെ അമേരിക്കൻ അധിനിവേശം |
| iii. ഓപ്പറേഷൻ എൻഡ്യൂറിംഗ് ഫ്രീഡം | 1998 | ഒന്നാം ഗൾഫ് യുദ്ധം |
| iv. ഓപ്പറേഷൻ ഇറാഖി ഫ്രീഡം | ഭീകരതക്കെതിരായ ആഗോള യുദ്ധം | 9/11 ആക്രമണത്തിന് പിന്നിൽ പ്രവർത്തിച്ചു എന്ന് സംശയിക്കുന്നവർക്കെതിരായ ആക്രമണം |

**11 മുതൽ 15 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക. ഓരോന്നിനും 3 സ്കോർ വീതം.** **(4×3=12)**

**11.** 1970 കളുടെ തുടക്കത്തിൽ ഇന്ദിരാഗാന്ധിയുടെ ജനപിന്തുണ വർദ്ധിക്കുന്നതിലേക്ക് നയിച്ച ഘടകങ്ങൾ പരിശോധിക്കുക.

**12.** ഏകധ്രുവ ലോകത്ത് അമേരിക്കൻ അധികാരത്തെ ഐക്യരാഷ്ട്രസഭക്ക് അത്ര എളുപ്പത്തിൽ ചെറുക്കാൻ കഴിയില്ല. ഈ പ്രസ്താവനയോട് നിങ്ങൾ യോജിക്കുന്നുണ്ടോ ? അഭിപ്രായം സാധൂകരിക്കുക.

**13.** ഇന്ത്യൻ സുരക്ഷാ തന്ത്രത്തിന്റെ ഏതെങ്കിലും മൂന്ന് ഘടകങ്ങൾ എഴുതുക.

**14.** ഒരേ സമയം ഇന്ത്യൻ ജനാധിപത്യത്തിന്റെ ശക്തിയും ദൗർബല്ല്യവും വിളിച്ചോതുന്നതായിരുന്നു 1975-ലെ ദേശീയ അടിയന്തരാവസ്ഥ. ഇന്ത്യൻ ജനാധിപത്യത്തിന്റെ നിങ്ങൾക്ക് ബോധ്യമായ ശക്തിയും ദൗർബല്ല്യവും വിശദമാക്കുക.

**15.** ആഗോളവൽക്കരണത്തിന്റെ സാംസ്കാരിക പ്രത്യാഘാതങ്ങൾ ചുരുക്കി വിവരിക്കുക.

Score

**16 മുതൽ 20 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക.**
**ഓരോന്നിനും 4 സ്കോർ വീതം.** (4×4=16)

16. 'സ്വാതന്ത്ര്യത്തിന്റെ ആദ്യവർഷങ്ങളിൽ സാമൂഹികവും പ്രത്യയശാസ്ത്രപരവുമായ ഒരു കൂട്ടായ്മയായിരുന്നു കോൺഗ്രസ് പാർട്ടി'. പ്രസ്താവന വിലയിരുത്തുക.

17. ക്യൂബൻ മിസൈൽ പ്രതിസന്ധിയെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക.

18. ദളിത് പാന്തേഴ്സിന്റെ രൂപീകരണത്തിലേക്ക് നയിച്ച സാഹചര്യങ്ങൾ വിലയിരുത്തി അവരുടെ പ്രവർത്തനങ്ങൾ വിശകലനം ചെയ്യുക.

19. ഇന്ത്യയുടെ ആണവനയത്തെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക.

20. ഇന്ത്യൻ പഞ്ചവത്സര പദ്ധതികളുടെ ഫലങ്ങൾ ചുരുക്കി എഴുതുക.

**21 മുതൽ 25 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക.**
**ഓരോന്നിനും 5 സ്കോർ വീതം.** (4×5=20)

21. പരിസ്ഥിതി പ്രശ്നങ്ങളിൽ ഗ്ലോബൽ സൗത്തിന്റെ സമീപനങ്ങളെ ഇന്ത്യ പിന്തുണക്കുന്നു. പാരിസ്ഥിതിക പ്രശ്നങ്ങളിലുള്ള ഇന്ത്യയുടെ നിലപാട് വിശദീകരിക്കുക.

22. നിരവധി വിഷയങ്ങളിൽ ഇന്ത്യൻ ഗവൺമെന്റും ബംഗ്ലാദേശും തമ്മിൽ അഭിപ്രായ വ്യത്യാസങ്ങളുണ്ട്. ഇന്ത്യാ-ബംഗ്ലാദേശ് ബന്ധത്തിലെ തർക്കമേഖലകളെ കുറിച്ച് വിവരിക്കുക.

23. 'കമ്മ്യൂണിസത്തിൽ നിന്നും മുതലാളിത്തത്തിലേക്കുള്ള മാറ്റം അത്ര എളുപ്പമായിരുന്നില്ല.' ഈ പ്രസ്താവനയുടെ വെളിച്ചത്തിൽ ഷോക്തെറാപ്പിയുടെ അർത്ഥവും അതിന്റെ പരിണിത ഫലങ്ങളും പരിശോധിക്കുക.

Score

24. 1989-നു ശേഷം നമ്മുടെ രാഷ്ട്രീയത്തിൽ ദീർഘകാല സ്വാധീനം ചെലുത്തിയ അഞ്ച് പ്രധാന സംഭവവികാസങ്ങൾക്ക് ഇന്ത്യ സാക്ഷ്യം വഹിച്ചു.അവയെക്കുറിച്ച് ലഘുവിവരണം നൽകുക.

25. 1975-ലെ ദേശീയ അടിയന്തരാവസ്ഥാ പ്രഖ്യാപനത്തിലേക്ക് നയിച്ച ചില കാരണങ്ങൾ ചുവടെ കൊടുക്കുന്നു. വിശദീകരിക്കുക.

i) സാമ്പത്തിക പശ്ചാത്തലം

ii) അലഹബാദ് ഹൈക്കോടതി വിധി.

**26 മുതൽ 28 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരമെഴുതുക.**

**ഓരോന്നിനും 8 സ്കോർ വീതം.** (2×8=16)

26. ഇന്ത്യയുടെ വിഭജനസമയത്ത് നേരിട്ട ബുദ്ധിമുട്ടുകൾ വിശദീകരിക്കുകയും അതിന്റെ അനന്തരഫലങ്ങൾ പരിശോധിക്കുകയും ചെയ്യുക.

27. യൂറോപ്യൻ യൂണിയന്റെ രൂപീകരണം, ലോകരാഷ്ട്രീയത്തിൽ അതിന്റെ സ്വാധീനം എന്നിവയെക്കുറിച്ച് വിവരിക്കുക.

28. വടക്കു-കിഴക്കൻ മേഖലകളിൽ പ്രാദേശിക അഭിലാഷങ്ങളുടെ പ്രശ്നങ്ങൾ വ്യത്യസ്തവും സങ്കീർണ്ണവുമാണ്. വടക്കു-കിഴക്കൻ മേഖലയുടെ വിവിധ പ്രശ്നങ്ങളെക്കുറിച്ച് വിവരിക്കുക.

**സൂചനകൾ** –
- സ്വയംഭരണത്തിനുള്ള ആവശ്യം
- വിഘടനവാദ പ്രസ്ഥാനങ്ങൾ
- അന്യർക്കെതിരെയുള്ള പ്രക്ഷോഭങ്ങൾ.